# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021ജൂൺ 17

# വാർത്താക്കുറിപ്പ്

---

## പോളാർ സ്റ്റഡീസ്: എം.ജി സർവ്വകലാശാലയിൽ സെമിനാർ 24ന്

മഹാത്മാഗാന്ധി സർവ്വകലാശാല ഗോവയിലെ നാഷണൽ സെന്റർ ഫോർ പൊളാർ ആൻറ് ഓഷ്യൻ റിസർച്ചിന്റെ (NCPOR) സഹകരണത്തോടെ പോളാർ പഠന മേഖലയെ അധികരിച്ച് സംഘടിപ്പിച്ചിട്ടുള്ള അന്തർദ്ദേശീയ സെമിനാർ ജൂൺ 24ന് ഉച്ചക്ക് 12ന് വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. സർവ്വകലാശാല പോളാർ പഠന കേന്ദ്രത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഓൺലൈനായി സംഘടിപ്പിച്ചിട്ടുള്ള പരിപാടിയിൽ ഗോവയിലെ  നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷ്യൻ റിസർച്ച് (NCPOR) മേധാവി ഡോ. എം. രവിചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. എം.ജി. സർവ്വകലാശാല പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ കുമാർ, ഡോ. റോളന്റ് കെല്ലൻ ബോൺ (നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് ലൈഫ് സയൻസസ്). എൻ. സി. പി. ഒ. ആർ - ൽ നിന്നുള്ള വിദഗ്ധരായ ഡോ. രാഹുൽ മോഹൻ, ഡോ. തമ്പാൻ മേലോത്ത്, ഡോ. കെ.പി. കൃഷ്ണൻ, നെതർലന്റ്സ്, ഗ്രോണിൻജൻ സർവ്വകലാശാലയിൽ നിന്നുള്ള ഡോ. മാർട്ടിൻ ലൂനെൻ, റഷ്യൻ അക്കാഡമി ഓഫ് സയൻസസിൽ നിന്നുള്ള ഡോ. വോൾഗാ മകാരിവ,  വേൾഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് (ഇന്ത്യാ)ൽ നിന്നുള്ള ആർ.കെ. സോണി, നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നിന്നുള്ള ഡോ. മുറാ വി അർഡലൻ, എം.ജി. സർവ്വകലാശാലയിൽ നിന്നുള്ള ഡോ. ഇ.വി. രാമസ്വാമി, ഡോ കെ.എം. സീതി എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് സംസാരിക്കും.

സെമിനാറിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് https://forms.gle/AdQLgaYhpHrz3HQa8 എന്ന വെബ് സൈറ്റിൽ സൗജന്യമായി രജിസ്റ്റർ ചെയ്യാം. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. കൂടുതൽ വിവരങ്ങൾക്ക് email - Isps2k21@gmail.com

എം ജി. സർവ്വകലാശാല ഇന്റർ നാഷണൽ സെൻറർ ഫൊർ പോളാർ സ്റ്റഡീസിന്റെ ഉദ്ഘാടനവും 24 ന് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സെന്ററിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ ഡോ. ആർ ബിന്ദു, വി.എൻ. വാസവൻ,   ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉപാദ്ധ്യക്ഷൻ ഡോ. രാജൻ ഗുരുക്കൾ, വൈസ് ചാൻസലർ ഡോ സാബു തോമസ് തുടങ്ങിയവർ ഓൺലൈനായി നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

(പി.ആർ.ഒ/39/534/2021)

## പരീക്ഷഫലം

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.എം. (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ ഒന്നുവരെ നേരിട്ടോ dr7exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷിക്കാം.

(പി.ആർ.ഒ/39/535/2021)

## മാറ്റിവച്ച പരീക്ഷകൾ ജൂൺ 21 മുതൽ

മഹാത്മാഗാന്ധി സർവകലാശാലയുടെ മാറ്റിവച്ച നാലാം വർഷ ബി.എസ് സി. നഴ്സിംഗ് പരീക്ഷകൾ ജൂൺ 21ന് ആരംഭിക്കും. മാറ്റിവച്ച ആറാം സെമസ്റ്റർ (റഗുലർ, പ്രൈവറ്റ്) ബിരുദപരീക്ഷകൾ ഉൾപ്പെടെയുള്ള പരീക്ഷകൾ ജൂൺ 28ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/536/2021)

# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021ജൂൺ 17

# വാർത്താക്കുറിപ്പ് - 2

## മാറ്റിവച്ച പരീക്ഷകൾ ജൂൺ 21 മുതൽ

മഹാത്മാഗാന്ധി സർവകലാശാലയുടെ മാറ്റിവച്ച നാലാം വർഷ ബി.എസ് സി. നഴ്സിംഗ് പരീക്ഷകൾ ജൂൺ 21നും അവസാന സെമസ്റ്റർ ബി.എഡ്. പരീക്ഷകൾ ജൂൺ 23നും ആരംഭിക്കും. മാറ്റിവച്ച ആറാം സെമസ്റ്റർ (റഗുലർ, പ്രൈവറ്റ്) ബിരുദപരീക്ഷകൾ ഉൾപ്പെടെയുള്ള പരീക്ഷകൾ ജൂൺ 28ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ. ഉന്നതവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയിട്ടുള്ള കോവിഡ് മാനദണ്ഡങ്ങളനുസരിച്ച് നടത്തുന്ന പരീക്ഷയ്ക്ക് നിർദ്ദിഷ്ട പരീക്ഷകേന്ദ്രങ്ങളിൽ വിദ്യാർഥികൾ നേരിട്ട് ഹാജരാകണം. ഓഗസ്റ്റ് അവസാനവാരം പരീക്ഷഫലം പ്രസിദ്ധീകരിക്കാനാവുമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ/39/537/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ